**ഹാർട്ട് ഓഫ് ഏഷ്യ - ഇസ്താംബൂളിന്റെ സിബിഎം പ്രക്രിയയുടെ കീഴിൽ വ്യാപാരം, വ്യവസായം, നിക്ഷപമെന്നിവയിലെ മേഖലാ, സാങ്കേതിക സംഘത്തിന്റെ എട്ടാമത് യോഗം ന്യൂഡെൽഹിയില് നടന്നു (ആഗസ്ത് 7, 2017 )**

ആഗസ്ത് 07, 2017

ഹാർട്ട് ഓഫ് ഏഷ്യ - ഈസ്താംബൂള് പ്രോസസിന്റെ കീഴില് വ്യാപാരം, വ്യവസായം& നിക്ഷപ അവസരങ്ങൾ എന്നിവയില് വിശ്വാസം ഊട്ടിയുറപ്പിക്കൽ മേഖലാ, സാങ്കേതിക സംഘത്തിന്റെ എട്ടാമത് യോഗം ഇന്ന് ന്യൂഡെൽഹിയില് നടന്നു (ആഗസ്ത് 7, 2017 ). ലീഡ് രാജ്യം എന്ന നിലയിൽ ഇന്ത്യയാണ് ഇത് ഒരുക്കിയത്

യോഗത്തിൽ ഇസ്ലാമിക് റിപ്പബ്ലിക് ഓഫ് അഫ്ഗാനിസ്ഥാൻ, ഫോറിന് അഫയേഴ്സ് മിനിസ്ട്രിയുടെ ഇക്കണോമിക് കോ ഓപ്പറേഷൻ ഡിപ്പാർട്മെന്റ് ആക്ടിംഗ് ജനറൽ, ശ്രീ ഹസന് സോറൂഷ്,കേന്ദ്ര വിദേശകാര്യ മന്ത്രാലയം ജോയിന്റ് സെക്രട്ടറി ഡോ. ദീപക് മിത്തൽ എന്നിവർ അധ്യക്ഷ പദം പങ്ക് വച്ചു. പങ്കെടുക്കുന്ന പതിനേഴ് രാജ്യങ്ങളുടെ പ്രതിനിധികൾ, അസർബൈജാന്, ഇറാന്, കിർഗിസ്ഥാന്, പാകിസ്ഥാന്, റഷ്യ, താജിക്കിസ്ഥാൻ, ടർക്കി, ടർക്ക്മെനിസ്ഥാന് , യുഎഇ, ആസ്ട്രേലിയ, ഈജിപ്ത്, ജർമനി, യുകെ, യുഎസ്, ഇയു, യുഎൻ ഉൾപ്പെടെ പിന്തുണക്കുന്ന അന്താരാഷ്ട്ര സംഘടനകൾ എന്നിവയും പങ്കെടുത്തു

മേഖലാ ബന്ധങ്ങളും സാമ്പത്തിക സംയോജനത്തിനെയും പ്രോത്സാഹിപ്പിക്കാൻ ഒരു പ്രകൃത്യാ ഒരു പാലം പോലെ അഫ്ഗാനിസ്ഥാൻ പ്രവർത്തിക്കുന്നതായുള്ള തങ്ങളുടെ കാഴ്ചപ്പാട് പങ്കെടുത്തവർ പങ്ക് വച്ചു. ഹാർട്ട് ഓഫ് ഏഷ്യ മേഖലയിലും അഫ്ഗാനിസ്ഥാനിൽ സമാധാനവും സ്ഥിരതയും ഉറപ്പാക്കുവാന് പ്രധാനപ്പെട്ട ഘടകം സാമ്പത്തിക വികസനം ആണെന്നതിൽ അഭിപ്രായ ഐക്യം ഉണ്ടായി . ഈ പശ്ചാത്തലത്തിൽ . അഫ്ഗാനിസ്ഥാൻ താത്പര്യകേന്ദ്രം ആക്കിക്കൊണ്ട് വിശ്വാസ്യവും ശക്തവുമായ തരത്തിൽ പരസ്പരം യോജിപ്പിക്കുവാനുള്ള സാധ്യതയും ഗതാഗതം, വ്യാപാരം എന്നിവ പ്രോത്സാഹിപ്പിക്കുവാനും ആവശ്യമായ ചുവടുകൾ , മാർഗങ്ങള്

എന്നിവയിൽ   തങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കെടുത്തവര് ചർച്ച ചെയ്യുകയുണ്ടായി, അവയിൽ
നിലവിലുള്ള ഗതാഗത വ്യാപാര കരാറുകളിൽ കൂടുതല് ഉൾപ്പെടുത്തലുകളും സമഗ്രവുമാക്കുവാൻ  അവയെ ദക്ഷിണ ഏഷ്യയിലേക്കും സെൻട്രല് ഏഷ്യയിലേക്കും വടക്കോട്ടും തെക്കോട്ടും കൂടുതൽ വികസിപ്പിക്കുന്നതിന്നുമുള്ള ആവശ്യം തിരിച്ചറിഞ്ഞത്; ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ വളർച്ച ശക്തമാക്കൽ ( small and medium enterprises (SMEs) , സ്ത്രീ വ്യവസായസംരഭകത്വം ഉൾപ്പെടെ സാമ്പത്തിക വികസനത്തില് സ്ത്രീകളുടെ സാന്നിധ്യം , കസ്റ്റംസ് പ്രക്രിയകൾ ലഘൂകരിക്കല് എന്നിവ ഉൾപ്പെടുന്നു

മേഖലാ വിപണികൾ, വ്യാപാരം, നിക്ഷപാവസരങ്ങൾ എന്നിവയുടെ അറിവുകൾ വിനിമയം ചെയ്യുന്നതിനും ; പങ്കാളിത്ത രാജ്യങ്ങൾക്കിടയില് വ്യാപാര ശൃംഖല ഒരുക്കുന്നതിനും വേണ്ടി ഫിക്കിയുമായി ചേർന്നൊരു വെബ് പോർട്ടല് വികസിപ്പിക്കുവാനുള്ള  ഇന്ത്യയുടെ സംരംഭത്തിനെ അഭിനന്ദിച്ചു .

ഇന്ത്യ, അഫ്ഗാനിസ്ഥാൻ ഇറാന്, ടാപ്പി ഗാസ് പൈപ്പ് ലൈന് (TAPI gas pipeline,), കാസ-1000 (CASA-1000), ടാറ്റ് റെയിൽവേ ലൈന് (TAT railway line), ലാപ്പീസ് ലസൂലി ഇടനാഴി എന്നിവ ഉൾപ്പെടുത്തികൊണ്ടുള്ള ചഹ്ബാർ തുറമുഖം വഴിയുള്ള  ഗതാഗത, ഇടനാഴി വികസനത്തിനുള്ള ചുവടുകള് എടുത്തത് സകാരാത്മകമായി വിലയിരുത്തി.  അഫ്ഗാനിസ്ഥാനിലെ പൊതുവായ വളർച്ചക്കും സ്ഥിരതക്കും പുരോഗതിക്കും സാമ്പത്തിക ഏകീകരണ പദ്ധതികളുടെയും  പരസ്പര ബന്ധത്തിന്റെയും മൂല്യത്തെ എല്ലാവരും അംഗീകരിച്ചു.

ഇന്ത്യ ഏറ്റെടുത്ത ഉഭയകക്ഷി സംരംഭങ്ങൾ കണക്കിലെടുക്കവെ , ദക്ഷിണ ഏഷ്യയിലെയും അതിനുമപ്പുറവുമുള്ള വലിയ വിപണികളിലെ അഫ്ഗാനിസ്ഥാനിലെ കർഷകർക്ക് വളരെ ഉറപ്പുള്ളതും വേഗതയുമുള്ള പ്രവേശനം ഒരുക്കുമെന്നതിനാൽ ഈയിടെ  ഇന്ത്യക്കും അഫ്ഗാനിസ്ഥാനുമിടയിൽ സ്ഥാപിച്ച വിമാന ചരക്ക് ഇടനാഴി സ്വാഗതം ചെയ്യപ്പെട്ടു; പിപിപി സമ്പ്രദായത്തിലുള്ള പദ്ധതി നടപ്പാക്കൽ ഉൾപ്പെടെ അഫ്ഗാൻ ഉദ്യോഗസ്ഥർക്കായി കാര്യശേഷി  നിർമാണം  പരിശീലനം എന്നിവയ്ക്കു ഇന്ത്യ നല്കിയ സഹായം ; ഡബ്ല്യൂ ടി ഒയുമായി ബന്ധപ്പെട്ട വിഷയം, കഴിഞ്ഞ എട്ട് മാസമായി ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ ഫിനാൻസ്

ആൻഡ് ദി ഡിപ്പാർട്മെന്റ് ഓഫ് കൊമേഴ്സ് നടത്തി വരുന്ന പരിപാടികൾ എന്നിവയെല്ലാം വളരെ സകാരാത്മകമായി അംഗീകരിച്ചു

ന്യൂഡെൽഹി
ആഗസ്ത് † 07, 2017